# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 486
## 09.06.2015 ൽ മറുപടി നല്കേണ്ടിയിരുന്നത്

## <u>വിദേശ വായ്പ</u>

| | ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| എ | ഈ സർക്കാർ വന്നതിന് ശേഷം വിവിധ വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമായിട്ടുണ്ട്; ഓരോ പദ്ധതിയുടേയും വിശദാംശങ്ങളും ലഭ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കുമോ; | മുൻ സർക്കാരിന്റെ കാലത്ത് ജലവിഭവം, നഗര വികസനം, തദ്ദേശസ്വയംഭരണം, വിദ്യുച്ഛക്തി, പൊതുമരാമത്ത്, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ ചുവടെ പറയുന്ന പദ്ധതികൾക്ക് വിദേശ സഹായം ലഭ്യമായിട്ടുണ്ട്.<br><br>1) <u>നാഷണൽ ഹൈഡ്രോളജി പ്രോജക്ട് II :</u><br>ഭൂജലത്തെ സംബന്ധിച്ച സുസ്ഥിരമായ ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിച്ച് സമഗ്രമായ ജലവിഭവ വിനിയോഗം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിയ പദ്ധതിയായിരുന്നു ഇത്. ഈ പദ്ധതി 31.05.2014 ൽ പൂർത്തീകരിച്ചു. ടി പദ്ധതിക്ക് 31.03.2015 വരെ ലഭ്യമായ വിദേശ വായ്പ 20.39 കോടി രൂപയാണ്.<br><br>2) <u>കെ.എസ്.യു.ഡി.പി :</u> കേരളത്തിലെ 5 മുൻസിപ്പൽ കോർപ്പറേഷനുകളിൽ എ.ഡി.ബി. സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ അടങ്കൽ 1422.47 കോടി രൂപയാണ്. ഇതിൽ 995.4 കോടി രൂപ എ.ഡി.ബി. വായ്പയാണ്. ടി പദ്ധതിക്ക് 31.03.2015 വരെ ലഭ്യമായ വിദേശ വായ്പ 487.61 കോടി രൂപയാണ്.<br><br>3) <u>കേരള വാട്ടർ സപ്ലൈ പ്രോജക്ട് - II &III</u> : തിരുവനന്തപുരം നഗരമേഖലയിലെയും കൊല്ലം ജില്ലയിലെ മീനാടിലെയും സമീപ പഞ്ചായത്തുകളിലെയും ആലപ്പുഴ ജില്ലയിലെ ചേർത്തല മുൻസിപ്പാലിറ്റിയിലെയും സമീപ പഞ്ചായത്തുകളിലെയും കോഴിക്കോട് നഗര മേഖലയിലെയും സമീപ പഞ്ചായത്തുകളിലെയും കണ്ണൂർ ജില്ലയിലെ പട്ടുവത്തെയും സമീപ പഞ്ചായത്തുകളിലെയും ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ ജപ്പാൻ ഇന്റർ നാഷണൽ കോപ്പറേറ്റീവ് ഏജൻസിയുടെ (ജൈക്ക) സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളാണിത്. ടി പദ്ധതികൾക്ക് 31.03.2015 വരെ ലഭ്യമായ വിദേശ വായ്പ യഥാക്രമം 1451.97 രൂപയും 301.66 കോടി രൂപയുമാണ്.<br><br>4) <u>ജലനിധി -II:</u> ചെറുകിട ബൃഹത് കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്ത്/കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ ലോകബാങ്ക്സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കുള്ള ലോകബാങ്ക് സഹായം 658 കോടി രൂപയാണ്. ടി പദ്ധതിക്ക് 31.03.2015 വരെ ലഭ്യമായ വിദേശ വായ്പ 160.86 കോടി രൂപയാണ്.<br><br>5) <u>കേരള ലോക്കൽ ഗവൺമെന്റ് & സർവ്വീസ് ഡെലിവറി പ്രോജക്ട് :-</u> തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സേവനവും ഭരണവും മെച്ചപ്പെടുത്തുന്നതിനായി ലോകബാങ്ക് സഹായത്തോടെ 1196 കോടി രൂപ അടങ്കലോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ഇതിൽ ലോകബാങ്ക് സഹായം 919.87 കോടി രൂപയാണ്. ടി |

| | | |
|---|---|---|
| | | പദ്ധതിക്ക് 31.03.2015 വരെ ലഭ്യമായ വിദേശ വായ്പ 709.47 കോടി രൂപയാണ്.<br><br>6) <u>ഡ്രിപ്:-</u> ഡാം സേഫ്റ്റി ഓർഗനൈസേഷൻ ശക്തിപ്പെടുത്തുക, പുനരുദ്ധാരണ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തുക, എന്നീ ലക്ഷ്യങ്ങളോടുകൂടി ലോക ബാങ്ക് സഹായത്തോടെ 280 കോടി രൂപ അടങ്കലിൽ നടപ്പാക്കുന്ന പദ്ധതിയാണിത്. ഇതിൽ ലോകബാങ്ക്സഹായം 224 കോടി രൂപയാണ്. ജലസേചന വകുപ്പിലെ 19 ഡാമുകളും വിദ്യുച്ഛക്തി വകുപ്പിലെ 12 ഡാമുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിക്ക് 31.03.2015 വരെ ലഭ്യമായ വിദേശ വായ്പ 13.96 കോടി രൂപയാണ്.<br><br>7) <u>കെ.എസ്.ടി.പി- II :-</u><br>ലോകബാങ്ക്സഹായത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 363 കി.മി. നീളമുള്ള 9 റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 2403 കോടി രൂപ അടങ്കലോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ഇതിൽ ലോകബാങ്ക് സഹായം 1166 കോടി രൂപയാണ്. ടി പദ്ധതിക്ക് 31.03.2015 വരെ ലഭ്യമായ വിദേശ വായ്പ 83.86 കോടി രൂപയാണ്.<br><br>8) <u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്):-</u><br>സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി ഏഷ്യൻ വികസന ബാങ്ക് (എ.ഡി.ബി) സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയാണിത്. ടി പദ്ധതിക്ക് 31.03.2015 വരെ ലഭ്യമായ വിദേശ വായ്പ 127.10 കോടി രൂപയാണ്. |
| ബി | പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ ഫണ്ടിംഗ് ഏജൻസികളുമായി ധനസഹായത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്; പദ്ധതികളുടെ വിശദാംശങ്ങളും ആവശ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കാമോ; | വിദേശ ഫണ്ടിംഗ് ഏജൻസികളുമായി പുതിയതായി ധനസഹായത്തിന് കരാറിൽ ഏർപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**<u>പൊതുമരാമത്ത് വകുപ്പ്:</u>**<br>പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കെ.എസ്.ടി.പി രണ്ട് പദ്ധതികൾക്ക് ലോകബാങ്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 363 കി.മീ ദൈർഘ്യമുളള 6 റോഡുകളുടെ നിർമ്മാണ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുന്നത്. 2403 കോടി രൂപയാണ് ഈ പദ്ധതിയുടെ അടങ്കൽ തുക. ലോകബാങ്കാണ് ഇതിന് ധനസഹായം നൽകുന്നത്. 1166 കോടി രൂപയാണ് ലോകബാങ്കിൽ നിന്നും വായ്പയായി ലഭിക്കുന്നത്. കെ.എസ്.ടി.പി രണ്ട് പദ്ധതികൾക്ക് ലോകബാങ്കുമായി 19.06.2013-ൽ കരാർ ഒപ്പുവച്ചു.<br><br>**<u>ഊർജ്ജ വകുപ്പ്.</u>**<br>വൈദ്യുതി വകുപ്പിന്റെ കീഴിലുളള അണക്കെട്ടുകളുടെ നവീകരണത്തിന് ലോക ബാങ്ക് ധനസഹായത്തോടെ, ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയ്ക്ക് 153.71 കോടി രൂപയുടെ ഭരണാനുമതി സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ 80% തുക ലോകബാങ്ക് വായ്പയും ബാക്കി 20% തുക സംസ്ഥാന സർക്കാരിന്റെ വിഹിതവുമാണ്. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ 12 ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ 37 ഡാമുകളുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്. പദ്ധതിയുടെ പുതുക്കിയ കാലാവധി 2020 ജൂൺ വരെയാണ്. പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ വിഹിതം ഉൾപ്പെടെ 49.20 കോടി രൂപ ഇതുവരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭ്യമായിട്ടുണ്ട്. കൂടാതെ 13.59 കോടി രൂപയുടെ |

| | | |
|---|---|---|
| | | അനുമതി ലോക ബാങ്കിൽ നിന്നും, സി.ഡബ്ല്യു.സി (CWC) -ൽ നിന്നും ലഭിച്ചിട്ടുണ്ട്.<br>**<u>ജലവിഭവ വകുപ്പ്.</u>**<br>ജലനിധി രണ്ടാം ഘട്ട പദ്ധതിക്കായി ലോകബാങ്കിൽ നിന്നും ഏകദേശം 658 കോടി രൂപ വായ്പ ലഭ്യമാക്കുന്നതിന് ലോകബാങ്കുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| സി | പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ സഹായം വാങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിന് എന്ത് തുടർനടപടിയാണ് സ്വീകരിച്ചുവരുന്നതെന്നും വിശദമാക്കുമോ; | **<u>പൊതുമരാമത്ത് വകുപ്പ്:</u>**<br>സംസ്ഥാനത്തെ തെരഞ്ഞെടുത്ത 1000 കി.മീ. റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്യുന്നതിന് ADB, JICA എന്നീ ഫണ്ടിംഗ് ഏജൻസികളിൽ നിന്ന് ധനസഹായം നേടുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിക്ക് വിദേശ സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br>**<u>ഊർജ്ജ വകുപ്പ്:</u>**<br>ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (JICA) -യുടെ വായ്പ ലഭിക്കുന്നതിനായി തെരഞ്ഞെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>പദ്ധതികൾ<br>1. 33.32 കോടി രൂപയുടെ 2MW കക്കയം സോളാർ പമ്പിംഗ് പദ്ധതി.<br>2. 12.25 കോടി രൂപയുടെ 1 MW പടിഞ്ഞാറേത്തറ ഡാം സോളാർ റാപ്പിംഗ് പദ്ധതി.<br>3. 42 കോടി രൂപയുടെ 3MW ശേഷിയുള്ള വയനാട്ടിലെ ബാണാസുര സാഗർ റിസർവോയറിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് സോളാർ പദ്ധതി.<br>4. കൊല്ലങ്കോട് സബ്സ്റ്റേഷൻ പരിസരത്തുള്ള 1 MW ശേഷിയുള്ള സൗരോർജ്ജ പദ്ധതി.<br>5. പുത്തൻചന്ത, കഞ്ചിക്കോട് സബ്ഡിവിഷന് കീഴിലുള്ള 6 സെക്ഷനുകളിലെ ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള 125.1 കോടി രൂപയുടെ പദ്ധതി.<br>പുതുതായി വിദേശ സഹായം വാങ്ങാൻ ഉദ്ദേശിക്കുന്ന ക്ലീൻ എനർജി പദ്ധതി (അടങ്കൽ തുക - 220 കോടി) ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.<br>**<u>മത്സ്യബന്ധന തുറമുഖ വകുപ്പ്:</u>**<br>മത്സ്യബന്ധന വകുപ്പിൽ സൗത്ത് പരവൂർ ഫിഷിംഗ് ഹാർബർ ഓഷ്യനേറിയം പദ്ധതിക്ക് JICA -ൽ നിന്ന് വിദേശ വായ്പ ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>**<u>ഗതാഗത വകുപ്പ്:</u>**<br>കൊച്ചിയിലെ ജല ഗതാഗത പദ്ധതിക്കായി വിദേശ വായ്പ ലഭ്യമാക്കാനുള്ള പ്രാരംഭ ചർച്ചകൾ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടത്തി വരുന്നു. ഈ പദ്ധതിക്ക് വിദേശ വായ്പകൾ ലഭ്യമാക്കാൻ ഫ്രഞ്ച്, ജർമ്മൻ ഏജൻസികളുമായി പ്രാഥമിക ചർച്ചകൾ മാത്രമാണ് നടത്തിയിട്ടുള്ളത്. സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല.<br>**<u>ജലവിഭവ വകുപ്പ്.</u>**<br>ഹൈഡ്രോളജി പ്രോജക്റ്റിന്റെ മൂന്നാം ഘട്ടം ഒക്ടോബർ 1, 2015 മുതൽ ലോകബാങ്ക് സഹായത്തോടെ ആരംഭിക്കുവാൻ കേന്ദ്ര ജലവിഭവ മന്ത്രാലയം നിർദ്ദേശിച്ചതനുസരിച്ച് 8 വർഷം കൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 86 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br>കേരള ജല അതോറിറ്റി വിദേശ സഹായത്തിനായി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

<table>
<tr><td></td><td></td><td><u>തദ്ദേശ സ്വയംഭരണ വകുപ്പ്; ആരോഗ്യ കുടുംബക്ഷേമ വകുപ്പ്; ഉന്നത വിദ്യാഭ്യാസ വകുപ്പ്; പ്ലാനിംഗ് വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്:</u><br>ഈ വകുപ്പുകളുടെ കീഴിൽ ഒരു പദ്ധതിക്കും വിദേശ ഫണ്ടിംഗ് ഏജൻസികളുമായി ധനസഹായത്തിന് കരാറിൽ ഏർപ്പെട്ടിട്ടില്ല.</td></tr>
<tr><td>ഡി</td><td>ഏതെല്ലാം വിദേശ വായ്പകളാണ് ഇപ്പോൾ തിരിച്ചടച്ചു കൊണ്ടിരിക്കുന്നത്; പദ്ധതിയുടെ പേര്, വായ്പാത്തുക, ഫണ്ടിംഗ് ഏജൻസി എന്നിവ വ്യക്തമാക്കുമോ?</td><td>തിരിച്ചടച്ചുകൊണ്ടിരിക്കുന്ന വിദേശ വായ്പകളുടെ വിശദാംശം ചുവടെ കാണാം.
<table>
<tr><th>ക്രമ. നം</th><th>പദ്ധതിയുടെ പേര്</th><th>വായ്പതുക (രൂപ കോടിയിൽ)</th><th>ഫണ്ടിംഗ് ഏജൻസി.</th></tr>
<tr><td>1</td><td>നാഷണൽ ഹൈഡ്രോളജി പ്രോജക്ട് -II (വായ്പ നം.4749 IN)</td><td>16.51</td><td>ലോക ബാങ്ക്.</td></tr>
<tr><td>2</td><td>സുനാമി എമർജൻസി അസിസ്റ്റൻസ് പദ്ധതി (ടീപ്)</td><td>245.46</td><td>എ.ഡി.ബി</td></tr>
<tr><td>3</td><td>കെ.എസ്.യു.ഡി..പി</td><td>995.4</td><td>എ.ഡി.ബി</td></tr>
</table></td></tr>
</table>

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## Details of proposals for World Bank assistance.

| Sl. No | Name of Scheme | Estimate cost in crore |
|---|---|---|
| 1 | Augmentation of WSS to Kasargod Municipality | 61.00 |
| 2 | WSS to Nileshwaram & Kanhangad Municpalities | 100.00 |
| 3 | WSS to Mattannur Municipality | 77.00 |
| 4 | CWSS to Kottakkal Municipality | 140.47 |
| 5 | WSS to Ponnani Municipality | 62.13 |
| 6 | Augmentatin to WSS to Manjeri Municipality | 85.82 |
| 7 | Modernisation to Malappuram WSS to ensure 24X7 water | 39.21 |
| 8 | Malappuram infrastructure enhancement -meeting additional water demand | 23.45 |
| 9 | Augmentation of UWSS to Shornur Municipality | 21.00 |
| 10 | Augmentation to WSS to Palakkad Municipality Stage III | 36.93 |
| 11 | WSS to Iringalakuda Municipality | 63.00 |
| 12 | Augmentation of WSS to Thrissur Corporation and adjoining panchayaths (Urban component only) | 61.56 |
| 13 | Augmentation of existing UWSS to Muvattupuzha Municipality | 64.00 |
| 14 | Augmentation of existing UWSS to Kothamangalam Municipality | 68.00 |
| 15 | Augmentation of UWSS to Thodupuzha Municipality | 67.16 |
| 16 | Augmentation of UWSS to Kottayam Municipality | 180.00 |
| 17 | UWSS to Changanassery Municipality Phase II | 58.10 |
| 18 | UWSS to Thiruvalla Municipality Phase II | 47.48 |
| 19 | Augmentation to UWSS to Pathanamthitta Municipality | 116.50 |
| 20 | WSS to Vizhinjam Corporation area – Distribution system (Phase III) | 27.38 |
| 21 | Augmentation of existing UWSS to Nedumangad Municipality | 26.50 |
| | **Total** | **1426.69** |